**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2933** **03-08-2021 - ൽ മറുപടിയ്ക്ക്**

**കോട്ടയം നഗരത്തിലെ ആകാശപാത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയം നഗരത്തിൽ നിർമ്മാണം നിലച്ചിരിക്കുന്ന ആകാശപാത പുനർനിർമ്മിക്കുന്നതിനുള്ള തടസ്സങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | കോട്ടയം ശീമാട്ടി ജംഗ്ഷനിലെ കാൽനടയാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പ വരുത്തുന്നതിനുവേണ്ടി ആവിഷ്ക്കരിച്ച പദ്ധതിയാണ് "സ്കൈവാക്". സ്റ്റെയർകേസ്/ലിഫ്റ്റ് മുതലായവ നിർമ്മിക്കാൻ ഭൂമി വിട്ടുനൽകുന്നതിന് തയ്യാറാണെന്ന കോട്ടയം നഗരസഭയുടെ തീരുമാനം കോട്ടയം ജില്ലാ കളക്ടർ കേരള റോഡ് സുരക്ഷാ അതോറിറ്റിയെ അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പദ്ധതി വിജയകരമായി പൂർത്തിയാക്കുന്നതിനായി വിവിധ ഭൂവുടമസ്ഥരായ കോട്ടയം YMCA, CSI, പോസ്റ്റൽ വകുപ്പ് മുതലായവരിൽ നിന്ന് ഭൂമി ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിലാണ് പ്രസ്തുത പദ്ധതി പൂർത്തിയാക്കാൻ കഴിയാത്തത്. |
| (ബി) | എത്ര മാസത്തിനുള്ളിൽ പ്രസ്തുത ആകാശപാതയുടെ നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ? | (ബി) | സ്റ്റെയർകേസ്/ലിഫ്റ്റ് എന്നിവയ്ക്ക് സ്ഥലം ലഭിക്കാത്തതിനാലും, പ്രസ്തുത നിർമ്മാണത്തെ സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ അന്വേഷണം നടത്തുവാൻ ഉത്തരവായിട്ടുള്ളതിനാലും തുടർ നിർമ്മാണ പ്രവർത്തനം എപ്പോൾ പൂർത്തിയാക്കുവാൻ സാധിയ്ക്കുമെന്നു പറയുവാൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ